**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **28-02-2023 - ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി സ്പിൽവേ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ കാലപ്പഴക്കത്താൽ കൃത്യമായി പ്രവർത്തിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഷട്ടറുകളിൽ എത്ര എണ്ണമാണ് ഉയർത്താൻ കഴിയാത്ത സ്ഥിതിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം **ഷട്ടറുകളിൽ** ഒരെണ്ണം മാത്രമാണ് (7-ാം നമ്പർ ഷട്ടർ) **ഉയർത്താൻ കഴിയാത്ത സ്ഥിതിയിൽ ഉള്ളത്.** |
| (ബി) | സ്പിൽവേയുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; | (ബി) | കഴിഞ്ഞ 10 വർഷത്തിനുള്ളിൽ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോടികൾ ചെലവഴിച്ച് അറ്റകുറ്റപണികൾ നടത്തുന്നതിനു പകരം കുറച്ചു തുക കൂടി വിനിയോഗിച്ച് പുതിയ സ്പിൽവേ കം ബ്രിഡ്ജ് സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിശോധന നടത്തിയിട്ടുണ്ട്. |
| (ഡി) | ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി തോട്ടപ്പിള്ളിയിൽ പുതിയ സ്പിൽവേ കം ബ്രിഡ്ജ് നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | നിലവിലെ Stainless Steel Shutter-കളിലെ കോർണർ ആംഗിൾ മാറ്റുന്നതിനും മറ്റ് അറ്റ കുറ്റപ്പണികൾക്കുമായി 16,11,20,000/- രൂപയുടെ (പതിനാറ് കോടി പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ ഷട്ടറുകൾക്ക് മാക്സിമം ലിഫ്റ്റ് ലഭിക്കുന്നതും കൂടുതൽ കാലം സുഗമമായ പ്രവർത്തനത്തിന് പര്യാപ്തവുമാണ്. ആയതിനാൽ പുതിയ സ്പിൽവേ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl No | Year | Amount (Rupees) | Remarks |
|---|---|---|---|
| 1 | 2012-13 | 380600 | Maintenance works for Thottappally |
| 2 | 2013-14 | 299000 | Maintenance works for Thottappally |
| 3 | 2014-15 | 3,68,27,006 | Kuttanad package - Improving the efficiency of Thottapally spillway and leading channel-fabrication and erection of 40nos stainless steel shutters, first part bill. |
| 4 | 2015-16 | 1,42,00,517 | Kuttanad package - Improving the efficiency of Thottapally spillway and leading channel-fabrication and erection of 40nos stainless steel shutters, second part bill. |
| 5 | 2016-17 | 26063908 | Kuttanad package - Improving the efficiency of Thottapally spillway and leading channel-fabrication and erection of 40nos stainless steel shutters, third part bill. |
| 6 | 2017-18 | Nil | Nil |
| 7 | 2018-2019 | 49426 | For providing 1 No 14 Ton hydra and 1 No. ferrana crane at Thottapally shutter lifting work on hire basis and maintenance of Thottapally spillway. |
| 8 | 2019-20 | Nil | Nil |
| 9 | 2020-2021 | 43424 | Maintenance of Thottappally spillway rewinding of 5 hp , 1400 rpm lifting motor. |
| 10 | 2021-2022 | 282416 | Hiring charge for 30 KVA generator, hitachi,JCB for urgent maintenance of Thottappally spillway shutter and regulation. |
| 11 | 2022-2023 | 1186997 | Electrical and Mechanical works done in Thottappally Spillway including purchase of wire ropes and other consumables.. |

സെക്ഷൻ ഓഫീസർ